POLICE DEPARTMENT
KERALA

**No. B1-19933/2022/KAP-I**
Kerala Armed Police-I,
Ernakulam
cmdtkap1.pol@kerala.gov.in
04842781290
Dated. 15-09-2023

**പുനർലേല പരസ്യം**

കേരള ആംഡ് പോലീസ് 1 ബറ്റാലിയൻ അധീനതയിലുള്ള പോത്താനിക്കാട് ഡിറ്റാച്ച്മെൻറ് ക്യാമ്പ് കെട്ടിടത്തിനടുത്തായി നിൽക്കുന്ന 2 വട്ടമരങ്ങളും (നമ്പർ 6,7) ഒരു പാലമരവും (നമ്പർ 15) ലേലം ചെയ്യുന്നതിനു ബന്ധപ്പെട്ട അധികാരികൾ അനുമതി നൽകിയിട്ടുള്ളതാണ്. 17/5/2023,16/6/2023, 14/7/2023, 29/7/2023 തീയതികളിൽ ടി മരങ്ങളുടെ പൊതു ലേലം നടന്നെങ്കിലും പ്രസ്തുത ലേലത്തിൽ ടി മരങ്ങൾ വിറ്റ് പോയിട്ടില്ലാത്തതാണ്. ആയതിനാൽ ടി മരങ്ങളുടെ പുനർ ലേലം 26/9/2023 തീയതി രാവിലെ 11.00 മണിയ്ക്ക് പോത്താനിക്കാട് ക്യാമ്പ് പരിസരത്ത് വച്ച് നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നേരിട്ടു ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിരത ദ്രവ്യമായി 1,200/- രൂപ (ആയിരത്തി ഇരുനൂറ് രൂപ മാത്രം) കെട്ടി വച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിനായി മുദ്ര വച്ച ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ 24/9/2023 തീയതി ഉച്ചയ്ക്ക് 1.00 മണി വരെ തൃപ്പൂണിത്തുറയിലുള്ള കേരള ആംഡ് പോലീസ് ബറ്റാലിയൻ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ചട്ടപ്രകാരമുള്ള ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കേരള ആംഡ് പോലീസ് 1 ബറ്റാലിയൻ കമാൻഡൻറിൻറെ പേരിൽ വാങ്ങിയ നിരതദ്രവ്യ തുല്യമായ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ കേരള ആംഡ് പോലീസ് 1 ബറ്റാലിയൻ കമാൻഡന്റ്, തൃപ്പൂണിത്തുറ, പിൻ-682301 എന്ന മേൽവിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതാണ്.

ലേലം കഴിഞ്ഞാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുമ്പിൽ വച്ച് ദർഘാസുകൾ തുറക്കുന്നതും ലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ആ തുകയ്ക്ക് ലേലം താൽകാലികമായി ഉറപ്പിക്കുകയും, ലേലം/ ദർഘാസ് തുകയുടെ പകുതി സംഖ്യ (നിരതദ്രവ്യം ഉൾപ്പെടെ) ലേലം കൊണ്ടയാൾ അടച്ച് രസീത് കൈപ്പറ്റുകയും ചെയ്യേണ്ടതാണ്. ബാക്കി തുകയും ആകെ തുകയുടെ 5% വന വികസന നികുതിയും ആകെ തുകയുടെ 18% ചരക്ക് സേവന നികുതിയും ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തിയതി മുതൽ 10 ദിവസത്തിനകം അടച്ച് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും മരം മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. മരം മുറിച്ച് നീക്കുമ്പോൾ കെട്ടിടങ്ങൾക്കോ, മറ്റ് സ്ഥാവര ജംഗമ വസ്തുകൾക്കോ ഏതെങ്കിലും തരത്തിലുള്ള കഷ്ട നഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ആയതിൻറെ ഉത്തരവാദിത്തം ലേലം കൊണ്ടയാൾക്ക് മാത്രമായിരിക്കും.

വന വികസന നികുതി "406-01-101-96-00-FDT" എന്ന ശീർഷകത്തിൽ ചലാൻ വഴി ഒടുക്കേണ്ടതാണ്. പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും ടി മരം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ, അധികാരമോ ഉണ്ടായിരിക്കുന്നതല്ല. ലേലം കഴിഞ്ഞാലുടൻ ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം ലേലം കൊണ്ടയാളുടെ ഒഴികെ തിരിച്ചു നൽകുന്നതാണ്.

ലേലം നിശ്ചയിച്ചിരിക്കുന്ന മരം ലേല തീയതിയ്ക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകീട്ട് 4 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതിയോട്ടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ലേലനടപടികൾ നിർത്തിവയ്ക്കുന്നതിന് കേരള ആംഡ് പോലീസ് 1 ബറ്റാലിയൻ കമാൻഡൻറിന് അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും

Jose V George
Commandant

| | | |
|---|---|---|
| To | : | എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും,ബറ്റാലിയൻ കമാൻഡൻറുമാർക്കും അറിവിനും, ആവശ്യമായ പ്രചരണത്തിനുമായി. ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് & കമ്മീഷണർ കൊച്ചി & തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി കോഴിക്കോട് സിറ്റി (ഉപരിപത്രം സഹിതം). സംസ്ഥാന പോലീസ് മേധാവി അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്,ആംഡ് പോലീസ് ബറ്റാലിയൻ തിരുവനതപുരം (ഉപരിപത്രം സഹിതം) അസിസ്റ്റൻറ് കമാൻഡൻറ് (ക്വാർട്ടർ മാസ്റ്റർ) ലേലപരസ്യം ജില്ലാ ഇൻഫർമേഷൻ ഓഫീസുമായി ബന്ധപ്പെട്ട് പ്രചരണം നടത്തുന്നതിനായി ഡെപ്യൂട്ടി കമാൻഡൻറ്, അസിസ്റ്റൻറ് കമാൻഡൻറ് (അഡ്റ്റൻറ് ) എന്നിവർക്ക് അറിവിലേക്കായി. |
| Copy To | : | ലേല ബോർഡ് അംഗങ്ങൾക്ക് അറിവിലേക്കായി. ഓഫീസർ കമാൻഡിംഗ് എഫ് കമ്പനിയ്ക്ക് അറിവിനും അനന്തരനടപടിക്കുമായി. ലേലത്തിൽ പങ്കെടുക്കുവാൻ വരുന്നവരിൽ നിന്നും നിരതദ്രവ്യം മുൻകൂറായി വാങ്ങേണ്ടതും ലേലത്തിൽ പരാജയപ്പെടുന്നവർക്ക് പ്രസ്തുത ദിവസം തന്നെ ടി നിരതദ്രവ്യം തിരികെ നൽകേണ്ടതാണ്. ലേലവുമായി ബന്ധപ്പെട്ട് ലേലം കൊണ്ടയാളിൽ നിന്നും ലഭ്യമാകുന്ന ആകെ ലേലത്തുക സ്വീകരിക്കേണ്ടതും തൊട്ടടുത്ത ദിവസം തന്നെ കാഷ്യർ വശം നൽകേണ്ടതാണ്. കാഷ്യർക്ക് അറിവിലേക്കായി. |

Internal Administrative Processing System
iAPS
KERALA POLICE